

സാന്ത്വനസ്പർശം

തിരുവനന്തപുരത്ത് വെഞ്ഞാറമ്മൂട്ടിൽനിന്ന് ഗാന്ധിഭവനിൽ ഒരു കത്തുകിട്ടി. ജീവിത ദുരിതങ്ങളെല്ലാം അക്കമിട്ട് നിരത്തിയ കരളലിയിക്കുന്ന കത്ത്. ഒരു തിരുവനന്തപുരം യാത്രകഴിഞ്ഞ് പത്തനാപുരത്തേക്ക് മടങ്ങുന്ന രാത്രിയിൽ സോമരാജനും സുഹൃത്തും മേലവിലാസക്കാരനെ തേടിച്ചെന്നു. കത്തിൽ വിവരിച്ചതിനേക്കാൾ അതിദാരുണമായ ജീവിത സാഹചര്യം. പോക്കറ്റിലുണ്ടായിരുന്ന കുറേരൂപ അയാൾക്കുനൽകി മടങ്ങുമ്പോൾ പ്രതിമാസം ചെറിയൊരു തുക കൃത്യമായി അയാളുടെ വിലാസത്തിലെത്തുമെന്ന് ഉറപ്പുപറയാനും സോമരാജൻ മറന്നില്ല. അത് തുടർന്നു. വർഷങ്ങൾക്കുശേഷം ഒരുമാസത്തെ മണിയോർഡർ മടങ്ങിവന്നു. സോമരാജന്റെ ഓർമയിൽ ഇന്നും കനലായി എരിയുന്ന ആ മനുഷ്യന്റെ മരണം.

ഈ ദുരിതക്കാരെയൊക്കെ സഹായിക്കാൻ അത്രത്തോളം സമ്പത്തുണ്ടോ ഗാന്ധിഭവന്? അഗതിമന്ദിരങ്ങൾ കച്ചവടകേന്ദ്രങ്ങളാകുന്ന ഇക്കാലത്ത് ഇതെങ്ങനെ പറ്റുന്നു?

ചോദ്യങ്ങൾ പ്രതീക്ഷിച്ചിരുന്നപോലെ സോമരാജൻ പറഞ്ഞു, 'ഞങ്ങളെ സഹായിക്കുന്ന ആയിരക്കണക്കിന് കുടുംബങ്ങളുണ്ട്. ആരോടും ഒന്നും ചോദിക്കാറില്ല. എന്നാൽ ഓരോരുത്തരും അറിഞ്ഞ് സഹായിക്കും. പിന്നെ എന്റെ സ്വന്തം കാര്യം, അതൊരു രഹസ്യമാണ്. എന്റെ വട്ടച്ചെലവുകൾക്കും മറ്റുമുള്ള തുക തരാൻ കുറേ അമ്മമാരുണ്ട്. ഇവിടെയെത്തി രഹസ്യമായി എന്റെ പോക്കറ്റിൽ വലുതും ചെറുതുമായ പൊതികൾ തിരുകിവച്ച് ആശ്ലേഷിച്ച് മടങ്ങും. മകന് ഒരു കുറവും വരാതെ നോക്കുന്ന പ്രിയപ്പെട്ട അമ്മമാർ.' സോമരാജന്റെ ഈ വാക്കുകളിൽ എല്ലാമുണ്ട്. കണ്ണീരിന്റെ നനവും സാന്ത്വനത്തിന്റെ ഇളംകാറ്റും. സ്നേഹദീപം എന്നപേരിൽ ആയിരം കുടുംബങ്ങളുടെ ഒരു കൂട്ടായ്മ ഇവിടെയുണ്ട്. ഇവരുടെ സജീവമായ സഹകരണം കൂടാതെ ഭക്ഷണച്ചെലവുകൾക്കും മറ്റും എല്ലാ ദിവസവും സ്പോൺസർമാരുണ്ടാകും. ചികിത്സ, മരുന്നുവില എന്നിവയാണ് ഇപ്പോൾ ഗാന്ധിഭവനെ അലട്ടുന്ന പ്രധാന പ്രശ്നങ്ങൾ. ഭവന്റെ സാമ്പത്തിക കാര്യങ്ങൾ നിയന്ത്രിക്കാൻ പ്രത്യേക സംവിധാനമുണ്ട്. അതിൽ തന്റെ കുടുംബാംഗങ്ങൾക്കുപോലും ഇടപെടാനാകില്ലെന്ന് സോമരാജൻ ഓർമിപ്പിക്കുന്നു. 160 ജീവനക്കാർ ഇവിടെയുണ്ട്. പക്ഷേ ഇവരെയാരെയും ജീവനക്കാരായി പരിഗണിക്കാറേയില്ല. ഈ കൂട്ടുകുടുംബത്തിന്റെ ചുറ്റുപാടുകളിൽ സ്വന്തം ജീവിതം നട്ടുനനയ്ക്കുന്നവരാണ് അവരും. അതിൽ അന്തേവാസികളായി കുടിയേറിയവരും നിരവധിയുണ്ട്. എത്രയെഴുതിയാലും തീരാത്ത അനുഭവങ്ങളുടെ മതിൽക്കെട്ടിനുള്ളിലാണ് ഗാന്ധിഭവൻ. കണ്ണീരും കിനാവുമുറങ്ങുന്ന ഈ വളപ്പിനുള്ളിൽ ഡോ. പുനലൂർ സോമരാജൻ വളർത്തിയെടുക്കുന്ന കൂട്ടുകുടുംബം സമൃദ്ധമാണെങ്കിലും പരാധീനതകൾ ഒരുപാട് ബാക്കി.

**15 തികയുംമുമ്പെ അമ്മയായി തെരുവിൽ അലഞ്ഞവൾ, സ്വന്തം പിതാവിന്റെ കുഞ്ഞിനെ പ്രസവിക്കേണ്ടിവന്നവൾ, രോഗഗ്രസ്തരായ മാതാപിതാക്കളെ രക്ഷിക്കാൻ ഭിക്ഷാടനം നടത്തിയ ഒമ്പതുകാരി. തിരുവിതാംകൂറിന്റെ അധികാരദുർഗമായിരുന്ന സർ സി പി രാമസ്വാമി അയ്യരുടെ കുടുംബത്തിലെ ചെറുമകൾ ആനന്ദവല്ലിയമ്മാൾ അങ്ങനെ എത്രയോപേർ ഈ ശാന്തിമന്ദിരത്തിൽ ജീവിക്കുന്നു.**

പുറത്തെ സ്റ്റേജിൽ സംഗീത നാടക അക്കാദമിയുടെ ആഭിമുഖ്യത്തിലുള്ള നാടകം ഉടൻ ആരംഭിക്കുമെന്ന അറിയിപ്പ് മുഴങ്ങി. ഗാന്ധിഭവനിലെ ഒട്ടുമിക്കപേരും സ്റ്റേജിനുമുന്നിലാണ്. നാടകക്കാർക്ക് രണ്ടുവാക്ക് ആശംസയറിയിക്കാൻ സോമരാജൻ എഴുന്നേറ്റു. വർണപ്പാവാട ചുറ്റിയ ശീതൾ ഒരിക്കൽക്കൂടി ഓടിയെത്തി കഴുത്തിൽ വട്ടംചുറ്റി. ഇളംകാറ്റ് ഗാന്ധിഭവന്റെ കവാടം കടന്നെത്തുന്നു. മതിലിനോട് ചേർന്ന് നേഴ്സുമാരുടെ താവളത്തിനരികിൽ തുറന്നിട്ട വാതിലിനിടയിലൂടെ ഒരു വൃദ്ധൻ പുറത്തേക്ക് നോക്കിയിരിക്കുന്നു. കൈവീശി യാത്രപറയുമ്പോൾ സോമരാജൻ പറഞ്ഞു, 'അത് എന്റെ അച്ഛൻ, ചെല്ലപ്പൻ'.

മടക്കയാത്രയിൽ ആലോചിച്ചത് സോമരാജനേക്കാൾ ആ കുടുസ്സുമുറിയിലെ വാതിലിനുപുറത്തേക്ക് കണ്ണുംനട്ടിരുന്ന ആ പഴയ കമ്യൂണിസ്റ്റുകാരനെയാണ്, സഹാനുഭൂതിയുടെ സ്നേഹം മകനിലേക്ക് നിറച്ചുവച്ച ആ കമ്യൂണിസ്റ്റിനെ. ●